# ഇപ്പോൾ തന്റെ ചലനത്തിലൂടെയും മുഖത്തിലൂടെയും ബ്രഹ്മാബാബയ്ക്ക് സമാനം അവ്യക്തരൂപം കാണിക്കൂ, സാക്ഷാത്കാരമൂർത്തിയാകൂ

ഇന്ന് ഭാഗ്യവിധാതാവായ ബാബ തന്റെ നാനാഭാഗത്തെയും ശ്രേഷ്ഠ ഭാഗ്യശാലി കുട്ടികളെ കണ്ട് ഹർഷിതം ആവുകയാണ്. മുഴുവൻ കൽപ്പത്തിൽ ഇങ്ങനെയുള്ള ശ്രേഷ്ഠ ഭാഗ്യം ആർക്കും തന്നെ ഉണ്ടാവുക സാധ്യമല്ല. കൽപ്പ കൽപ്പത്തിൽ താങ്കൾ കുട്ടികൾ തന്നെയാണ് ഈ ശ്രേഷ്ഠ ഭാഗ്യത്തിന്റെ അധികാരം പ്രാപ്തമാക്കുന്നത്. ഓർമ്മയുണ്ടോ തന്റെ കൽപ്പ കൽപ്പത്തെ അധികാരത്തിന്റെ ഭാഗ്യം? ഈ ഭാഗ്യം സർവ്വശ്രേഷ്ഠ ഭാഗ്യമായത് എന്തുകൊണ്ടാണ്? എന്തുകൊണ്ട് എന്നാൽ സ്വയം ഭാഗ്യവിധാതാവ് ഈ ശ്രേഷ്ഠ ഭാഗ്യത്തിന്റെ ദിവ്യജന്മം താങ്കൾ കുട്ടികൾക്ക് നൽകിയിരിക്കുന്നു, ആരുടെയാണോ ജന്മം തന്നെ ഭാഗ്യവിധാതാവിലൂടെ,അവർക്ക് ശ്രേഷ്ഠ ഭാഗ്യം അല്ലാതെ മറ്റൊന്നും തന്നെ ഉണ്ടാവുകയില്ല. തന്റെ ഭാഗ്യത്തിന്റെ ലഹരി സ്മൃതിയിൽ ഉണ്ടാകുന്നുണ്ടോ? തന്റെ ഭാഗ്യത്തിന്റെ ലിസ്റ്റ് എടുക്കൂ എത്ര വലിയ ലിസ്റ്റ് ആണ്? അപ്രാപ്തമായി ഒരു വസ്തുവും ഇല്ല, താങ്കൾ ബ്രാഹ്മണരുടെ ഭാഗ്യശാലി ജീവിതത്തിൽ.എല്ലാവരുടെയും മനസ്സിൽ തന്റെ ഭാഗ്യത്തിന്റെ ലിസ്റ്റ് ഓർമ്മ വന്നു! സ്മൃതിയിൽ കൊണ്ടുവരൂ,വന്നോ സ്മൃതിയിൽ? ഹൃദയം എന്താണ് പാട്ടുപാടുന്നത്? ആഹാ ഭാഗ്യ വിധാതാവ്! ആഹാ എന്റെ ഭാഗ്യം! ഈ ശ്രേഷ്ഠ ഭാഗ്യത്തിന്റെ വിശേഷത ഇതാണ് ഒരു ഭഗവാനിലൂടെ മൂന്ന് സംബന്ധത്തിന്റെ പ്രാപ്തി. ഒന്നിലൂടെ ഒന്നിൽ 3 ബന്ധം. ഏതാണോ ജീവിതത്തിൽ വിശേഷസംബന്ധങ്ങളെന്ന് മഹിമയുള്ളത് അച്ഛൻ, അധ്യാപകൻ, സദ്ഗുരു മറ്റാർക്കും ഒരാളിൽ നിന്ന് മൂന്ന് വിശേഷസംബന്ധവും പ്രാപ്തമാകുന്നില്ല. താങ്കൾ ലഹരിയോടെ പറയുന്നു ഞങ്ങളുടെ അച്ഛനുമാണ്, അധ്യാപകനുമാണ്, സദ്ഗുരുവുമാണ്. അച്ഛനിലൂടെ സർവ്വ ഖജനാക്കളുടെയും ഖനി പ്രാപ്തമാണ്. ഖജനാക്കളുടെ ലിസ്റ്റും സ്മൃതിയിൽ വന്നു! സ്മൃതിയിൽ കൊണ്ടുവരൂ എന്തെല്ലാം ഖജനാക്കൾ അച്ഛനിലൂടെ ലഭിച്ചു! ലഭിച്ചോ അതോ ലഭിക്കണമോ? എന്ത് പറയും? ബാലകനിൽ നിന്നും അധികാരി തന്നെയാണ്. അധ്യാപകനിലൂടെ ശിക്ഷണത്താൽ ശ്രേഷ്ഠ പദവിയുടെ പ്രാപ്തി ഉണ്ടായി. ലോകത്തും ഏറ്റവും ശ്രേഷ്ഠ പദവി രാജ്യപദവി ആയി പറയപ്പെടുന്നു, അപ്പോൾ താങ്കൾ ഡബിൾരാജാക്കന്മാരായിരിക്കുന്നു. വർത്തമാന സ്വരാജ്യ അധികാരിയും, ഭാവിയിൽ അനേകജന്മം രാജ്യപദവിയ്ക്ക് അധികാരി. പഠിപ്പ് ഒരു ജന്മം, അതും ചെറുതിലും ചെറിയ ജന്മവും പദവിയുടെ പ്രാപ്തിയോ അനേകജന്മവും, രാജ്യവും അഖണ്ഡം, അചഞ്ചലം,നിർവിഘ്ന രാജ്യം. ഇപ്പോഴും സ്വരാജ്യഅധികാരി നിശ്ചിന്ത ചക്രവർത്തിയാണ്,ആണോ? നിശ്ചിന്ത ചക്രവർത്തിയായോ? ആര് നിശ്ചിന്തമാണോ അവർ കൈ ഉയർത്തു. നിശ്ചിന്തം, അല്പം പോലും ആകുലത ഇല്ലല്ലോ? നോക്കണം ഏതെങ്കിലും പാവകളി മുന്നിൽ വരുമ്പോൾ പിന്നെ ആകുലമാകുന്നുണ്ടോ? മായയുടെ പാവകളി മുന്നിലേക്ക് വരാറുണ്ടോ ഇല്ലയോ? പിന്നെ കുറേശ്ശെ കുറേശ്ശെ ആകുലത ഉണ്ടാകുന്നുണ്ടോ? ഉണ്ടാകുന്നില്ലേ? കുറച്ച് ചിന്തനം നടക്കുന്നുണ്ടോ അതോ നടക്കാറില്ലേ? അങ്ങനെ ശ്രേഷ്ഠ ഭാഗ്യം ഇപ്പോൾ മുതലേ നിശ്ചിത ചക്രവർത്തി ആക്കുന്നു. ഇപ്പോഴത്തെ ചെറിയ ചെറിയ കാര്യങ്ങൾ വരുന്നത് അത് മുന്നോട്ടും ഇനിയും അനുഭവിയും പരിപക്വവും ആക്കുന്നതാണ്.

ഇപ്പോൾ എല്ലാവരും ഈ ഭിന്നഭിന്ന കാര്യങ്ങളുടെ അനുഭവിയായിട്ടുണ്ടല്ലോ! പരിഭ്രമിക്കാറില്ലല്ലോ അല്ലേ? വിശ്രമത്തോടെ സാക്ഷിയുടെ സീറ്റിൽ ഇരുന്ന് ഈ പാവ കളി കാണൂ, കാർട്ടൂൺ ഷോ കാണൂ. ഒന്നും തന്നെയില്ല കാർട്ടൂൺ ആണ്. ഇപ്പോഴാണെങ്കിൽ ശക്തിശാലി ആയിട്ടുണ്ടല്ലോ! ഇപ്പോൾ ശക്തമല്ലേ? അതോ ഇടയ്ക്കിടെ പരിഭ്രമിക്കാറുണ്ടോ? ഇത് കടലാസ് പുലിയായി വരലാണ്. കടലാസ് ആണ് പക്ഷേ വരുന്നത് പുലിയായിട്ടാണ്. ഇപ്പോൾ സമയം അനുസരിച്ച് അനുഭവിമൂർത്തിയായി സമയത്തെ, പ്രകൃതിയെ, മായയെ വെല്ലുവിളിക്കൂ. വരൂ ഞാൻ വിജയിയാണ്. വിജയിയുടെ വെല്ലുവിളി നടത്തു. (ഇടയ്ക്കിടെ ചുമ വരുന്നുണ്ട് ) ഇന്ന് വാദ്യം കുറച്ച് കേടാണ്, കൂടിക്കാഴ്ച നടത്തണമല്ലോ!

ബാപ്ദാദയുടെ അടുക്കൽ രണ്ട് ഗ്രൂപ്പ് വീണ്ടും വീണ്ടും വരുന്നു, എന്തിനാണ് വരുന്നത്? രണ്ട് ഗ്രൂപ്പും ബാപ്ദാദയോട് പറയുന്നു ഞങ്ങൾ തയ്യാറാണ്. ഒന്നാണ് ഈ സമയം, പ്രകൃതി, മായ. മായ മനസ്സിലാക്കിയിരിക്കുന്നു ഇനി എന്റെ രാജ്യം പോകാൻ പോവുകയാണ്. രണ്ടാമത്തെ ഗ്രൂപ്പാണ് അഡ്വാൻസ് പാർട്ടി . രണ്ട് ഗ്രൂപ്പും തീയതി ചോദിക്കുകയാണ്. വിദേശത്ത് ഒരു വർഷം മുമ്പേ തീയതി നിശ്ചയിക്കാറില്ലേ? ഇവിടെ ആറുമാസം മുമ്പാണോ? ഭാരതത്തിൽ ഫാസ്റ്റ് ആയി പോകുന്നവരാണ്, 15 ദിവസം മുമ്പും ഏതെങ്കിലും പരിപാടിയുടെ തീയതി തീരുമാനിക്കുന്നു. അപ്പോൾ സമാപ്തി, സമ്പന്നത, ബാബയ്ക്ക് സമാനമാകുന്നതിനുള്ള തീയതി ഏതാണ്? ഇത് ബാപ്ദാദയോട്ചോദിക്കുന്നു. ഈ തിയതി ഇപ്പോൾ താങ്കൾ ബ്രാഹ്മണർക്ക് നിശ്ചയിക്കണം. സാധിക്കുമോ? തീയതി നിശ്ചയിക്കാൻ സാധിക്കുമോ? പാണ്ഡവർ പറയൂ. മൂന്ന് പേരും പറയൂ. (ബാപ്ദാദ നിർവൈർ ഭായി, രമേശ് ഭായി, ബൃജ് മോഹൻ ഭായിയോട് ചോദിക്കുക

യാണ്) തീയതി നിശ്ചയിക്കാൻ സാധിക്കുമോ? പറയൂ സാധിക്കുമോ. അതോ പെട്ടെന്ന് സംഭവിക്കണോ? നിശ്ചിതമാണ് എന്നാൽ അതിനെ പ്രാക്ടിക്കൽ ആയി കൊണ്ടുവരണമോ വേണ്ടയോ? എന്താണ് പറയൂ. പെട്ടെന്ന് സംഭവിക്കുമോ? തീയതി നിശ്ചയിക്കുകയില്ലേ? ആദ്യ വരിയിൽ ഇരിക്കുന്നവർ പറയൂ ചെയ്യുമോ? ആരാണോ പറയുന്നത് ഡ്രാമയെ പ്രായോഗികമാകുന്നതിന് വേണ്ടി മനസ്സിൽ തീയതിയുടെ സങ്കല്പം ചെയ്യേണ്ടിവരും അവർ കൈ ഉയർത്തു. ചെയ്യേണ്ടി വരുമോ? ഇവർ ഉയർത്തുന്നില്ലല്ലോ? അപ്രതീക്ഷിതമായി ഉണ്ടാകുമോ? തീയതി നിശ്ചയിക്കാൻ സാധിക്കുമോ? പിറകിലുള്ളവർ മനസ്സിലാക്കിയോ? അപ്രതീക്ഷിതമായി സംഭവിക്കണം ഇത് ശരിയാണ്. പക്ഷേ തന്നെ തയ്യാറാക്കുന്നതിന് വേണ്ടി ലക്ഷ്യം തീർച്ചയായും വെക്കേണ്ടി വരും. ലക്ഷ്യം കൂടാതെ സമ്പന്നമാകുന്നതിൽ ആലസ്യം വന്നുചേരുന്നു. താങ്കൾ നോക്കൂ എപ്പോഴാണോ തീയതി നിശ്ചയിക്കുന്നത് അപ്പോഴാണ് സഫലത ലഭിക്കുന്നത്. ഏതൊരു പരിപാടിയുടെയും തീയതി നിശ്ചയിക്കാറില്ലേ? ആകുക തന്നെ വേണം, ഈ സങ്കല്പം ചെയ്യേണ്ടി വരുമല്ലോ! അതോ വേണ്ടേ ഡ്രാമയിൽ തനിയെ നടന്നുകൊള്ളുമോ? എന്താണ് കരുതുന്നത്? ആദ്യ വരിയിലുള്ളവർ പറയൂ. പ്രേം (ഡെറാഡൂൺ) പറയൂ. ചെയ്യേണ്ടി വരുമോ ചെയ്യേണ്ടി വരുമോ? ജയന്തി പറയൂ ചെയ്യേണ്ടി വരുമോ. അതെപ്പോൾ സംഭവിക്കും? അന്തിമത്തിൽ സംഭവിക്കും സമയം വരുമ്പോൾ! സമയം സമ്പന്നമാകുമോ, അതോ താങ്കൾ സമയത്തെ സമീപം കൊണ്ടുവരുമോ?
ബാപ്ദാദ കണ്ടു സ്മൃതിയിൽ ജ്ഞാനവും ഇരിക്കുന്നു,ലഹരിയും ഇരിക്കുന്നു, നിശ്ചയവും ഇരിക്കുന്നു. പക്ഷേ ഇപ്പോൾ കൂട്ടിച്ചേർക്കണം പെരുമാറ്റത്തിലും മുഖത്തിലും കാണപ്പെടണം. ബുദ്ധിയിൽ ഓർമ്മ എല്ലാം ഉണ്ട്, സ്മൃതിയിലും വരുന്നു, പക്ഷേ ഇനി സ്വരൂപത്തിൽ വരട്ടെ. സാധാരണ രൂപത്തിലും അഥവാ ഏതെങ്കിലും വലിയ കർത്തവ്യം ഉള്ളവരാണ് അല്ലെങ്കിൽ ഏതെങ്കിലും ധനികരുടെ കുട്ടി വിദ്യാസമ്പന്നർ ആണെങ്കിൽ അവരുടെ പെരുമാറ്റത്തിലൂടെ കാണപ്പെടുന്നു ഇവർ എന്തോ ആണ്. അവർ എന്തെങ്കിലും എന്തെങ്കിലും തരത്തിൽ വേറിട്ടതായി കാണപ്പെടുന്നു. അപ്പോൾ ഇത്രയും വലിയ ഭാഗ്യം സമ്പത്തും ഉണ്ട്, പഠിപ്പുമുണ്ട്, പദവിയും ഉണ്ട്. സ്വരാജ്യം ഇപ്പോഴും ഉണ്ടല്ലോ! പ്രാപ്തികളും എല്ലാമുണ്ട് എന്നാൽ പെരുമാറ്റത്തിലൂടെയും മുഖത്തിലൂടെയും ഭാഗ്യ നക്ഷത്രം മസ്തകത്തിൽ തിളങ്ങുന്നതായി കാണപ്പെടട്ടെ. അതും കൂടെ കൂട്ടിച്ചേർക്കണം. ഇപ്പോൾ ആളുകൾക്ക് താങ്കൾ ശ്രേഷ്ഠ ഭാഗ്യശാലി ആത്മാക്കളിലൂടെ ഈ അനുഭവം ഉണ്ടാകണം വേണമെന്ന് അല്ല സംഭവിക്കണം, ഇത് നമ്മുടെ ഇഷ്ട ദേവനാണ്, ഇഷ്ട ദേവിയാണ്. ഇവർ നമ്മുടേതാണ്. ബ്രഹ്മാബാബയിൽ കണ്ടതുപോലെ സാധാരണ ശരീരത്തിൽ ആയിരുന്നിട്ടും ആദിയുടെ സമയത്തും ബ്രഹ്മാബാബയിൽ എന്താണ് കാണപ്പെട്ടിരുന്നത്, കൃഷ്ണനെ കാണപ്പെട്ടിരുന്നില്ലേ! ആദിയിൽ ഉള്ളവർക്ക് അനുഭവമല്ലേ! അപ്പോൾ ആദിയിലെ പോലെ ബ്രഹ്മാബാബയിലൂടെ കൃഷ്ണൻ കാണപ്പെട്ടിരുന്നു ഇങ്ങനെ തന്നെ അവസാനത്തിലും എന്ത് കാണപ്പെട്ടു? അവ്യക്തരൂപം കാണപ്പെട്ടിരുന്നില്ലേ! പെരുമാറ്റത്തിൽ, മുഖത്തിൽ കാണപ്പെട്ടിരുന്നില്ലേ! ഇപ്പോൾ ബാപ്ദാദ വിശേഷ നിമിത്ത കുട്ടികൾക്ക് ഈ ഹോംവർക്ക് നൽകുകയാണ് ഇപ്പോൾ ബ്രഹ്മാബാബയ്ക്ക് സമാനം അവ്യക്തരൂപം കാണട്ടെ. പെരുമാറ്റത്തിലൂടെയും മുഖത്തിലൂടെയും ഏറ്റവും കുറഞ്ഞത് 108 മാലയുടെ മുത്തുകൾ കാണപ്പെടട്ടെ. ബാപ്ദാദ പേര് പറയാൻ ആഗ്രഹിക്കുന്നില്ല പേര് അറിയിക്കുന്നില്ല 108 ആരാണ്. എന്നാൽ അവരുടെ പെരുമാറ്റത്തിൽ മുഖത്തിൽ തന്നെ പ്രത്യക്ഷമാണ്. ഈ ഹോം വർക്ക് ബാപ്ദാദ നിമിത്ത കുട്ടികൾക്ക് വിശേഷിച്ച് നൽകുകയാണ്. സാധിക്കുമോ? നല്ലത് എത്ര സമയം വേണം? ഇങ്ങനെ കരുതരുത് പിന്നിൽ വന്നവരാണ്, സമയത്തിന്റെ കാര്യമല്ല, ചിലർ കരുതുന്നു ഞങ്ങൾക്ക് കുറച്ചു വർഷമേ കിട്ടിയിട്ടുള്ളൂ. ആർക്ക് വേണമെങ്കിലും ലാസ്റ്റിൽ നിന്നും ഫാസ്റ്റ് ആയി ഫാസ്റ്റിൽ നിന്നും പോകുവാൻ സാധിക്കും. ഇതും ബാപ്ദാദയുടെ വെല്ലുവിളിയാണ്. ചെയ്യാൻ സാധിക്കുമോ. ആർക്ക് വേണമെങ്കിലും ചെയ്യാം. അവസാനം ഉള്ളവർക്കും സാധിക്കും. കേവലം ലക്ഷ്യം പക്കയാക്കി വയ്ക്കൂ. ചെയ്യുക തന്നെ വേണം, സംഭവിക്കുക തന്നെ വേണം.
ഡബിൾ വിദേശികൾ കൈ ഉയർത്തു. അപ്പോൾ ഡബിൾ വിദേശികൾ എന്ത് ചെയ്യും? ഡബിൾ ചാൻസ് നേടില്ലേ. ബാപ്ദാദ പേര് അനൗൺസ് ചെയ്യുകയില്ല പക്ഷേ അവരുടെ മുഖം പറയും ഇതാണ്. ധൈര്യമുണ്ടോ? ആദ്യ വരിയിൽ ഉള്ളവരെ ബാപ്ദാദ കാണുകയാണ്. ധൈര്യമുണ്ടോ? അഥവാ ധൈര്യമുണ്ടെങ്കിൽ കൈ ഉയർത്തു. ധൈര്യമുണ്ടോ എങ്കിൽ?.പിന്നിലുള്ളവർക്കും ഉയർത്താം. ആരാണ് മുന്നിൽ അവർ അർജുനൻ. നല്ലത് ബാപ്ദാദ റിസൾട്ട് കാണുന്നതിന് വേണ്ടി, എന്തെല്ലാം പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്, ആരാര് ചെയ്തുകൊണ്ടിരിക്കുകയാണ്, ആ റിസൾട്ട് കാണുവാൻ വേണ്ടി ആറുമാസം നൽകുകയാണ്. ആറുമാസം റിസൾട്ട് നോക്കും പിന്നീട് ഫൈനൽ ആക്കും. ശരിയാണോ? എന്തെന്നാൽ കാണാറുണ്ട് ഇപ്പോൾ സമയത്തിന്റെ വേഗത തീവ്രമായി പോവുകയാണ് രചനയെ തീവ്രമായി പോകാൻ വിടരുത്, രചയിതാവിന് തീവ്രമാകണം. ഇപ്പോൾ കുറച്ച് വേഗമാക്കു, എല്ലാവരും പറക്കൂ. പൊയ്ക്കൊണ്ടിരിക്കുകയാണ്, പറന്നുകൊണ്ടിരിക്കുകയാണ്. മറുപടിയിൽ വളരെ നല്ല മറുപടിയാണ് നൽകുന്നത് ഞങ്ങൾ തന്നെയാണല്ലോ, മറ്റാര് ആകും! ബാപ്ദാദ സന്തോഷിക്കുന്നു. എന്നാൽ ഇപ്പോൾ ആ

ൾക്കാർ (ആത്മാക്കൾ ) ഉണ്ടല്ലോ അവർ എന്തെങ്കിലും കാണാൻ ആഗ്രഹിക്കുന്നു. ബാപ്ദാദയ്ക്ക് ഓർമ്മയുണ്ട് ആദിയിൽ താങ്കൾ കുട്ടികൾ സേവനത്തിൽ ഇറങ്ങിയിരുന്നപ്പോൾ കുട്ടികളിലൂടെയും സാക്ഷാത്കാരം ഉണ്ടായിരുന്നു. ഇപ്പോൾ സേവനവും സ്വരൂപവും രണ്ടിനും നേർക്ക് ശ്രദ്ധ വേണം. ഇനി സാക്ഷാത്കാരമൂർത്തിയാകൂ. സാക്ഷാത് ബ്രഹ്മാബാബയാകൂ. ശരി

ഇന്ന് പുതിയ പുതിയ കുട്ടികളും ധാരാളം വന്നിട്ടുണ്ട്. തന്റെ സ്നേഹത്തിന്റെ ശക്തിയിലൂടെ എല്ലാവരും എത്തിച്ചേർന്നിരിക്കുന്നു. അതിനാൽ ബാപ്ദാദ വിശേഷിച്ച് ആരാര് പുതിയ പുതിയ കുട്ടികൾ വന്നിട്ടുണ്ടോ അവർ ഓരോരുത്തർക്കും പേര് സഹിതം കോടിമടങ്ങ് ആശംസകൾ നൽകുകയാണ്, കൂടെ വരദാതാവ് വരദാനം നൽകുകയാണ് സദാ ബ്രാഹ്മണ ജീവിതത്തിൽ ജയിച്ചുകൊണ്ടിരിക്കൂ, പറന്നുകൊണ്ടിരിക്കൂ. ശരി.

സേവനത്തിന്റെ ടേൺ പഞ്ചാബിന്റേതാണ് : പഞ്ചാബ്കാർ എഴുന്നേൽക്കൂ. വളരെ നല്ലത്. ഇതും വിധി നന്നായി ഉണ്ടാക്കിയിട്ടുണ്ട്. ഓരോ സോണിനും ചാൻസ് ലഭിക്കുന്നു. സേവനത്തിലൂടെ ഓരോരോ ചുവടിൽ കോടിമടങ്ങ് സമ്പാദ്യം ശേഖരണം ആകുന്നു. എന്തെന്നാൽ ഭൂരിഭാഗവും ഏതെങ്കിലും കർമ്മം ചെയ്തു യജ്ഞ സേവനം ഓർമ്മവയ്ക്കുന്നു. സേവനം ഓർമ്മ വരുന്നതിലൂടെ യജ്ഞരചയിതാവായ ബാബയെ ഓർമ്മ വരിക തന്നെ ചെയ്യുന്നു. അപ്പോൾ സേവനത്തിലും കൂടുതൽ കൂടുതൽ പുണ്യത്തിന്റെ സമ്പാദ്യം ശേഖരിക്കപ്പെടുന്നു. ആര് സത്യമായ പുരുഷാർത്ഥി കുട്ടികളുണ്ടോ അവർക്ക് തന്റെ ഓർമ്മയുടെ ചാർട്ടിനെ സഹജവും നിരന്തരവും ആക്കുവാൻ സാധിക്കും. എന്തുകൊണ്ടെന്നാൽ ഇവിടെ ഒന്ന് മഹാരഥികളുടെ സംഗമാണ്. സംഗത്തിന്റെ നിറം സഹജമായി വന്നുചേരുന്നു. ശ്രദ്ധയുണ്ട് എങ്കിൽ ഈ 8 10 ദിവസം ലഭിക്കുന്നു, ഇതിൽ വളരെ നല്ല പരിപാടി ചെയ്യാൻ സാധിക്കും. സാധാരണ രീതിയിലൂടെ സേവനത്തിന്റെ ഇത്രയും ലാഭമുണ്ടാകുന്നില്ല, എന്നാൽ അവസരമുണ്ട് ഒന്ന് സഹജ നിരന്തരയോഗി ആകുന്നതിന്, പുണ്യത്തിന്റെ കണക്ക് ശേഖരിക്കുന്നതിന്, പിന്നെ വലുതിലും വലിയ പരിവാരത്തിന്റെ ലഹരിയിൽ, സന്തോഷത്തിൽ കഴിയുന്നതിന്. അപ്പോൾ പഞ്ചാബ് കാർക്ക് അവസരം ലഭിച്ചു, ഓരോ സോണിനും ലഭിക്കുന്നു എന്നാൽ ലക്ഷ്യം വെക്കൂ മൂന്ന് പ്രയോജനവും ഉണ്ടാകണം! എത്ര പുണ്യത്തിന്റെ കണക്ക് ശേഖരിക്കപ്പെട്ടു? സഹജ ഓർമ്മയുടെ പരിപാടി എത്ര ചെയ്തു? സംഘടനയുടെ അല്ലെങ്കിൽ പരിവാരത്തിന്റെ സ്നേഹം, സമീപതയുടെ എത്ര അനുഭവം ചെയ്തു? ഈ മൂന്ന് കാര്യങ്ങളുടെയും റിസൾട്ട് ഓരോരുത്തർക്കും തന്റേത് എടുക്കണം. അവസരം ലഭിക്കുന്നു എന്നാൽ ചാൻസ് എടുക്കുന്നവർ ചാൻസലർ ആകൂ. അപ്പോൾ പഞ്ചാബ് കാർ സമർഥരല്ലേ! നല്ലതാണ്. നല്ല സംഖ്യയിലും വരുന്നു, സേവനവും തുറന്ന ഹൃദയത്തോടെ ലഭിക്കുന്നു. വരുന്നവരുടെ സംഖ്യയും നന്നായി വരുന്നുണ്ട്. നല്ലതാണ് സംഘടന നല്ലതാണ്.

ഇന്ന് രണ്ട് വിംഗ് ( ഗ്രാമവികാസ് വിംഗ്, മഹിള വിംഗ് ഇവ മീറ്റിങ്ങിന് വേണ്ടി വന്നിരിക്കുന്നു)

മഹിള വിങ്ങുകാർ എണീയ്ക്കൂ : എന്താ ഇതിൽ ഭൂരിപക്ഷം ടീച്ചേഴ്സ് ആണോ? ടീച്ചർമാർ കൈ ഉയർത്തു. നല്ല അവസരമാണ്. സേവനത്തിന്റെ സേവനം. സേവനത്തിന് മുമ്പ് പ്രതിഫലം. സംഘടനയുടെയും ബാബയുടെയും മിലനത്തിന്റെ രസം നേടുക. അപ്പോൾ സേവനവും പ്രതിഫലവും രണ്ടും ലഭിച്ചു. നല്ലതാണ്. ഇപ്പോൾ എന്തെങ്കിലും പുതിയ പദ്ധതി ഉണ്ടാക്കിയിട്ടുണ്ടോ? ആരെല്ലാം വന്നിട്ടുണ്ടോ മഹിളകളാകട്ടെ ഏത് തരക്കാർ ആകട്ടെ. അപ്പോൾ ഓരോ ഗ്രൂപ്പും എന്തെങ്കിലും വിശേഷിച്ച് പ്രാക്ടിക്കൽ പെരുമാറ്റത്തിലും മുഖത്തും എന്തെങ്കിലും എന്തെങ്കിലും ഗുണങ്ങളുടെയും ശക്തിയുടേയും കൊടി ഉയർത്തു. അപ്പോൾ ഞാൻ ഈ ഗ്രൂപ്പ് മഹിളാ ഗ്രൂപ്പ് ഈ ഗുണത്തിന്റെ അഥവാ ശക്തിയുടെ പ്രാക്ടിക്കൽ പ്രത്യക്ഷ രൂപത്തിൽ കൊണ്ടുവരും. ഇങ്ങനെ ഓരോ തരത്തിലും ഉള്ളവർ എന്തെങ്കിലും എന്തെങ്കിലും തനിക്കായി വിശേഷിച്ച് നിശ്ചയിക്കട്ടെ, അത് പരസ്പരം സേവനത്തിന്റെ റിസൾട്ട് കുറിച്ചിടാറുള്ളത് പോലെ ഇങ്ങനെ പരസ്പരം എഴുതട്ടെ, സംഘടനയിൽ ആകട്ടെ ഇതും പരിശോധിച്ചു കൊണ്ടിരിക്കൂ. അപ്പോൾ ആദ്യം താങ്കൾ ചെയ്തു കാണിക്കുക. മഹിളാ വിങ്ങ് ചെയ്തു കാണിക്കൂ. ശരിയല്ലേ. ഓരോരോ വിങ്ങിനും എന്തെങ്കിലും എന്തെങ്കിലും തന്റെ പദ്ധതി ഉണ്ടാക്കണം. സമയം നിശ്ചയിക്കൂ ഇത്രയും സമയത്തിൽ ഇത്ര ശതമാനം പ്രാക്ടിക്കലിലേക്ക് കൊണ്ടുവരണം. പിന്നെ എന്താണോ ബാപ്ദാദ ആഗ്രഹിക്കുന്നത് പെരുമാറ്റത്തിലും ചിത്രത്തിലും വരണം അത് വന്നുചേരും. അപ്പോൾ ഈ പദ്ധതി ചെയ്തു കാണിച്ച് ബാപ്ദാദയ്ക്ക് നൽകുക. ഓരോരോ വിങ്ങും എന്തു ചെയ്യും? സേവനത്തിന്റെ പദ്ധതി കുറിച്ചിടാറുള്ളത് പോലെ ഇത് ചെയ്തു കൊടുക്കുക. ശരിയല്ലേ! ചെയ്തു കൊടുക്കുക. നല്ലത് ചെറിയ ചെറിയ സംഘടനകൾക്ക് അത്ഭുതം ചെയ്ത് കാണിക്കാൻ സാധിക്കും. ശരിയാണ്. എന്താണ് കരുതുന്നത് ടീച്ചേഴ്സ്? ചെയ്യാൻ സാധിക്കുമോ? ചെയ്യാൻ സാധിക്കുമോ? എങ്കിൽ പദ്ധതി ഉണ്ടാക്കുക. ശരി. ആശംസകൾ സേവനത്തിന്.

ഗ്രാമവികാസ് വിങ്ങുകാർ എഴുന്നേൽക്കൂ : ഇപ്പോൾ വരെ ഗ്രാമവികാസ്കാർ എത്ര ഗ്രാമത്തെ പരിവർത്തനപ്പെടുത്തി? എത്ര ഗ്രാമത്തിൽ ചെയ്തിട്ടുണ്ട്? (7 ഗ്രാമത്തിൽ ചെയ്തിട്ടുണ്ട്, ഒരു ഗ്രാമത്തിൽ 75ശതമാനം വരെ കാര്യം നടന്നിട്ടുണ്ട്. ഈ മീറ്റിങ്ങിലും പരിപാടി ഉണ്ടാക്കിയിട്ടുണ്ട് സമയത്തിന്റെ വിളി സ്വച്ഛ സ്വ

ർണിമ ഗ്രാമ്യ ഭാരതം. ഈ പ്രോജക്റ്റിന്റെ അന്തർഗതമാണ് ഗ്രാമ ഗ്രാമത്തെ വ്യസനമുക്തവും സ്വച്ഛവും ആക്കുന്നതിനുള്ള സേവനം ചെയ്യും.) നല്ലതാണ് പ്രായോഗികം ആണല്ലോ. ഇതിന്റെ ആകെ റിസൾട്ട് ആരാണോ പ്രസിഡൻറ്, പ്രധാനമന്ത്രി അവരുടെ അടുക്കൽ പോകുമോ? (ഇപ്പോൾ അയച്ചിട്ടില്ല) അയക്കണം എന്തെന്നാൽ എന്താണോ ഗ്രാമ ഗ്രാമത്തിൽ പ്രായോഗികമായി ചെയ്തുകൊണ്ടിരിക്കുന്നത്, ഇത് ഗവൺമെന്റിന്റെ തന്നെ ജോലിയാണ് പക്ഷേ താങ്കൾ സഹയോഗിയായി കൊണ്ടിരിക്കുകയാണ് അപ്പോൾ റിസൾട്ട് കണ്ട് നല്ലതായി മാനിക്കും. ഇങ്ങനെയുള്ള ഒരു ബുള്ളറ്റിൻ തയ്യാറാക്കു അതിലൂടെ ഗവൺമെന്റിന്റെ എല്ലാ മുഖ്യ ആൾക്കാർക്കും ബുള്ളറ്റും പോകണം പുസ്തകം അല്ല മാഗസിൻ അല്ല ചുരുക്കത്തിൽ ആകെ റിസൾട്ട് എല്ലാ വശത്തേക്കും അയക്കണം. നല്ലതാണ് ആശംസകൾ. ശരി (ഇടയ്ക്കിടെ ചുമ വരുന്നു) ഇന്ന് വാദ്യം ശാന്തി ആഗ്രഹിക്കുന്നു. ശരി.

ബാപ്ദാദയുടെ അടുക്കൽ നാനാഭാഗത്തും ഉള്ള സേവനത്തിന്റെ റിസൾട്ട് വന്നു കൊണ്ടിരിക്കുന്നു വിശേഷിച്ച് ഇന്നത്തെ കാലത്ത് ഏതൊരു കോണും ശേഷിക്കരുത് എല്ലാവർക്കും സന്ദേശം ലഭിക്കട്ടെ ഈ പദ്ധതി പ്രായോഗികമായി ചെയ്തുകൊണ്ടിരിക്കുന്നത് അതിന്റെ റിസൾട്ടും നല്ലതാണ്. ബാപ്ദാദയുടെ അടുക്കൽ ഡബിൾ വിദേശി കുട്ടികളുടെ വാർത്ത ലഭിക്കുന്നുണ്ട്, ആരെല്ലാം മെഗാ പ്രോഗ്രാം (ഭാരതത്തിൽ) ചെയ്തിട്ടുണ്ടോ അവരുടെ വാർത്തയും എല്ലാം ലഭിച്ചിട്ടുണ്ട്. നാനാഭാഗത്തെയും സേവനത്തിന്റെ റിസൾട്ട് സഫലതപൂർവ്വം പുറത്തുവരുന്നു. അപ്പോൾ കുട്ടികൾ സേവനത്തിൽ സന്ദേശം നൽകുന്നതിന്റെ റിസൾട്ടിൽ സഫലത പ്രാപ്തമാക്കിയിരിക്കുന്നു. ഇങ്ങനെ തന്നെ വാക്കിലൂടെ, സമ്പർക്കത്തിലൂടെ, ഒപ്പമൊപ്പം തന്റെ മുഖത്തിലൂടെ മാലാഖ രൂപത്തിന്റെ സാക്ഷാത്കാരം ചെയ്യിച്ചുകൊണ്ട് പോകു.

ശരി ആരാര് ആദ്യമായി വന്നിട്ടുണ്ടോ അവർ കൈ ഉയർത്തു. ധാരാളം ഉണ്ട്. നല്ലതാണ്, ടൂ ലൈറ്റിന്റെ ബോർഡിനു മുമ്പേ വന്നിരിക്കുന്നു. നല്ലതാണ്. അവസരം എടുക്കൂ. അത്ഭുതം ചെയ്തു കാണിക്കൂ. ധൈര്യം വെക്കൂ ബാപ്ദാദയുടെ സഹായം ഓരോ കുട്ടിക്കും ഒപ്പമുണ്ട്.ശരി

ബാപ്ദാദ നാനാഭാഗത്തെയും സാകാര സന്മുഖത്തിരിക്കുന്ന കുട്ടികൾക്കും, അവരവരുടെ സ്ഥലത്ത്, ദേശത്ത് ബാബയുമായി മിലനമാഘോഷിക്കുന്ന നാനാഭാഗത്തെയും കുട്ടികൾക്കും വളരെ വളരെ സേവനത്തിന്റെ, സ്നേഹത്തിന്റെ, പുരുഷാർത്ഥത്തിന്റെ ആശംസകൾ നൽകുകയാണ്. എന്നാൽ പുരുഷാർത്ഥത്തിൽ തീവ്രപുരുഷാർത്ഥിയായി ഇനി ആത്മാക്കളെ ദു:ഖ, അശാന്തിയിൽ നിന്ന് മോചിപ്പിക്കുന്നതിന് ഇനിയും തീവ്ര പുരുഷാർഥം ചെയ്യൂ. ദു:ഖ, അശാന്തി, ഭ്രഷ്ടാചാരം അതിയിലേക്കു പോയിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ അതിയുടെയും അന്ത്യം ചെയ്ത് എല്ലാവർക്കും മുക്തിധാമത്തിന്റെ സമ്പത്ത് ബാബയിൽ നിന്നും നൽകിക്കൂ. ഇങ്ങനെ ദൃഢസങ്കൽപം ഉള്ളവരായ കുട്ടികൾക്ക് സ്നേഹ സ്മരണ നമസ്തേ. ഓം ശാന്തി.

## വരദാനം : നമ്രതയുടെയും അതോറിറ്റിയുടെയും സന്തുലനത്തിലൂടെ ബാബയെ പ്രത്യക്ഷമാക്കുന്ന വിശേഷ സേവാധാരിയായി ഭവിക്കട്ടെ

എവിടെ സന്തുലനം ഉണ്ടോ അവിടെ അത്ഭുതം കാണപ്പെടുന്നു.എപ്പോഴാണോ താങ്കൾ നമ്രതയുടെയും സത്യതയുടെയും അതോറിറ്റിയുടെ സന്തുലനത്തിലൂടെ ആർക്കുവേണമെങ്കിലും ബാബയുടെ പരിചയം നൽകുന്നത് അപ്പോൾ അത്ഭുതം കാണപ്പെടും. ഇതേ രൂപത്തിലൂടെ ബാബയെ പ്രത്യക്ഷമാക്കണം. താങ്കളുടെ സംസാരം സ്പഷ്ടം ആകട്ടെ, അതിൽ സ്നേഹവും വേണം, നമ്രതയും മധുരതയും വേണം എന്നാൽ മഹാനതയും സത്യതയും ഉണ്ടാകണം അപ്പോൾ പ്രത്യക്ഷതയുണ്ടാകും. സംസാരിച്ചുകൊണ്ട് ഇടയ്ക്കിടെ അനുഭവം ചെയ്യിച്ചു കൊണ്ടുപോകുഅതിലൂടെ ലഹരിയിൽ മഗ്ന മൂർത്തിയായി അനുഭവമാകട്ടെ. ഇങ്ങനെ സ്വരൂപത്തിലൂടെ സേവനം ചെയ്യുന്നവർ തന്നെയാണ് വിശേഷ സേവാധാരി.

## സ്ലോഗൻ: സമയത്ത് ഏതൊരു സാധനവും ഉണ്ടാകുന്നില്ല എങ്കിലും സാധനയിൽ വിഘ്നം ഉണ്ടാകരുത്

**അവ്യക്ത സൂചനകൾ സത്യതയും സഭ്യതയും ആകുന്ന സംസ്കാരത്തെ സ്വന്തമാക്കൂ**

ചില ചിലർ കരുതുന്നു ക്രോധം ഒരു വികാരമൊന്നുമാകുകയില്ല, ഇത് ആയുധമാണ്. എന്നാൽ ക്രോധം ജ്ഞാനിതു ആത്മാവിന് മഹാ ശത്രുവാണ്. എന്തെന്നാൽ ക്രോധം അനേക ആത്മാക്കളുമായി സംബന്ധ, സമ്പർക്കത്തിൽ വരുന്നതിലൂടെ പ്രസിദ്ധമാകുന്നു, ക്രോധത്തെ കണ്ട് ബാബയുടെ പേരിന് വളരെ ഗ്ലാനിയുണ്ടാകുന്നു. പറയുന്നവർ ഇത് തന്നെ പറയുന്നു കണ്ടു ജ്ഞാനി തു ആത്മാ കുട്ടികളെ. അതിനാൽ ഇതിന്റെ അംശമാത്രയെ കൂടി സമാപ്തമാക്കി സഭ്യതാപൂർവം വ്യവഹാരം ചെയ്യൂ.